## തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Seeram Sambasiva Rao IAS)

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി കൈപറ്റിയ ജീവനക്കാരെ സേവനത്തിൽ പുന:പ്രവേശിപ്പിച്ച് - ഉത്തരവാകുന്നത് സംബന്ധിച്ച്.

പരാമർശം:

1) പ്രിൻസിപ്പൽ ഡയറക്ടറുടെ 10.01.2025 തീയതിയിലെ LSGD/PD/44173/2024-VIGE6 നമ്പർ നടപടിക്രമം.
2) 30.01.2025 തീയതിയിലെ തിരുവനന്തപുരം ജോയിൻറ് ഡയറക്ടറുടെ LSGD/JD/TVM/908/25-B1 നമ്പർ കത്ത്.
3) 25.02.2025 തീയതിയിലെ ആലപ്പുഴ ജോയിൻറ് ഡയറക്ടറുടെ LSGD/JD/ALP/341/25-J3 നമ്പർ കത്ത്.
4) 21.02.2025 തീയതിയിലെ തൃശ്ശൂർ ജോയിൻറ് ഡയറക്ടറുടെ LSGD/JD/3348/24-G നമ്പർ കത്ത്.
5) 11.03.2025 തീയതിയിലെ ഇടുക്കി ജോയിൻറ് ഡയറക്ടറുടെ LSGD/JD/IDK/243/2025/B5 നമ്പർ കത്ത്.
6) 29.01.2025 തീയതിയിലെ കണ്ണൂർ ജോയിൻറ് ഡയറക്ടറുടെ LSGD/JD/KNR/280/2025/A2 നമ്പർ കത്ത്.
7) പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ ശ്രീമതി ഗിരിജ സമർപ്പിച്ച 11.02.2025 തീയതിയിലെ അപേക്ഷ.

### ഉത്തരവ് നമ്പർ LSGD/PD/44173/2024-VIGE6 തീയതി: 25-03-2025

സംസ്ഥാന സർക്കാർ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്കായി അനുവദിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ സർവ്വീസിലിരിക്കെ അനർഹമായി കൈപറ്റിയതായി കണ്ടെത്തിയതിനാൽ 1960 ലെ കേരള സിവിൽ സർവീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം അച്ചടക്ക നടപടിക്ക് വിധേയമായി സസ്പെൻറ് ചെയ്തിരുന്ന ചുവടെ പറയുന്ന ജീവനക്കാർ അനർഹമായി കൈപറ്റിയ പെൻഷൻ തുക തിരികെ ഒടുക്കിയിട്ടുള്ളതായി പരാമർശം (2), (3), (4), (5), (6), (7) പ്രകാരം ലഭ്യമായിട്ടുണ്ട്.

| ക്രമ നം | പേര് | തസ്തിക | അനർഹമായി കൈപറ്റിയ തുക |
|---|---|---|---|
| 1 | ചന്ദ്രമതി വി | പാർട് ടൈം സ്വീപ്പർ(കാറ്റഗറി III) | 42,900 |
| 2 | ബെല്ല മേരി | പാർട് ടൈം സ്വീപ്പർ(കാറ്റഗറി III) | 35000 |
| 3 | രമാ ദേവി ബി | പാർട് ടൈം സ്വീപ്പർ(കാറ്റഗറി III) | 33600 |
| 4 | പത്മാവതി എം ജി | പാർട് ടൈം സ്വീപ്പർ(കാറ്റഗറി III) | 52000 |
| | | പാർട് ടൈം സ്വീപ്പർ(കാറ്റഗറി | |

| | | | |
|---|---|---|---|
| 5 | ശാന്തി ടി കെ | III) | 5600 |
| 6 | ഗിരിജ എ | പാർട് ടൈം സ്വീപ്പർ ( 11 Yrs HG) | 55200 |
| 7 | നസീമ ഇ എൻ | ക്ലർക്ക് | 4600 |
| 8 | ഷിജു എ | ഓവർസിയർ ഗ്രേഡ് II | 18800 |
| 9 | പ്രേമകുമാരി എസ് | പാർട് ടൈം സ്വീപ്പർ | 48000 |

മേൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാരിൽ ശ്രീമതി ശാന്തി ടി കെ, ശ്രീമതി പ്രേമകുമാരി എസ്, എന്നീ ജീവനക്കാർ അനർഹമായി കൈപറ്റിയ തുക 31/1/2025 തീയതിയിലെ 7/2025 സർക്കാർ സർക്കുലർ പ്രകാരം 18 ശതമാനം പലിശ സഹിതം സർക്കാരിലേക്ക് തിരിച്ചടച്ചതായും, മറ്റ് ജീവനക്കാർ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതായ 18 ശതമാനം പിഴപലിശയിനത്തിൽ മുഴുവൻ തുകയും ഒടുക്കിയിട്ടില്ലായെന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ സെക്ഷനിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ പെൻഷൻ നിലവിൽ വാങ്ങുന്നില്ലായെന്നും അറിവില്ലായ്മ കൊണ്ടാണ് കൈപറ്റിയിട്ടുള്ളതെന്നും ആയത് മാപ്പാക്കി സേവനത്തിൽ പുന:പ്രവേശിപ്പിക്കുന്നത് അനുഭാവപൂർവ്വം പരിഗണിക്കണമെന്നും ടി ജീവനക്കാർ അപേക്ഷ സമർപ്പിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ സർക്കാരിൽ നിന്നും അനുവദിച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ സേവനത്തിലിരിക്കെ അനർഹമായി കൈപറ്റിയതിനാൽ പ്രസ്തുത ജീവനക്കാർക്കെതിരായ അച്ചടക്കനടപടിക്ക് ഭംഗം വരാത്ത രീതിയിൽ ടി ജീവനക്കാരെ സേവനത്തിൽ പുന:പ്രവേശിപ്പിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി ജീവനക്കാർക്ക് നിയമനം നൽകി കൊണ്ടുള്ള ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

SEERAM SAMBASIVA RAO IAS
PEN : 721045
Principal Director
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar PO, Tvpm - 695003

പകർപ്പ്:

1. മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാർക്ക് ബന്ധപ്പെട്ട തദ്ദേശ സ വകുപ്പ് ജോയിൻറ് ഡയറക്ടർ മുഖേന.
2. തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിൻറ് ഡയറക്ടർമാർ (ബന്ധപെട്ട ജീ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് നിയമന ഉത്തരവ് നൽകുന്നതിനായി)
3. സൂപ്രണ്ട് IE സെക്ഷൻ ( ക്രമ നം 6 - ശ്രീമതി ഗിരിജ എ യ്ക്ക് സർവ്വീസിൽ പുന:പ്ര നിയമനം നൽകുന്നതിനായി)
4. ജൂനിയർ സൂപ്രണ്ട് DEE സെക്ഷൻ (ക്രമ നം 8 - ശ്രീ ഷിജു എ - യ്ക്ക് സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് നിയമനം നൽകുന്നതിനായി)

സൂപ്രണ്ട് DED സെക്ഷൻ (വിവരാവകാശ നിയമം 2005 പ്രകാരം വെബ് സൈറ്റിൽ

5. പ്രസിദ്ധീകരിക്കുന്നതിന്)

6. കരുതൽ ഫയൽ / ഓഫീസ് കോപ്പി